പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 457 — 11.12.2012 -ലെ മറുപടി

## എറണാകുളം -കായംകുളം പാത ഇരട്ടിപ്പിക്കൽ

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | എറണാകുളം -കായംകുളം പാത ഇരട്ടിപ്പിക്കൽ പതിറ്റാണ്ടായി ഇഴഞ്ഞുനീങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോട്ടയം വഴിയും ആലപ്പുഴ വഴിയുമുള്ള പാത ഇരട്ടിപ്പിക്കൽ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പലയിടങ്ങളിലും സ്ഥലം ഏറ്റെടുക്കുന്ന നടപടി പോലും ഉണ്ടായിട്ടില്ലായെന്ന കാര്യം ഗൗരവമായി പരിശോധി-ച്ചിട്ടുണ്ടോ; | (ബി) | കോട്ടയം വഴിയും ആലപ്പുഴ വഴിയുമുള്ള പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നു കൊണ്ടിരിക്കുന്നത് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നിന്നുമാണ്. പ്രസ്തുത ജില്ലകളിൽ നിന്നുമായി റെയിൽവേയ്ക്ക് ഏറ്റെടുത്ത് നൽകേണ്ട 89.6341 ഹെക്ടറിൽ നിന്നും 38.5383 ഹെക്ടർ ഇതിനോടകം തന്നെ റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.<br>പ്രസ്തുത 89.6341 ഹെക്ടറിൽ ഉൾപ്പെട്ടുവരുന്നതും എറണാകുളം -കുമ്പളം പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ നിന്നും ഏറ്റെടുക്കേണ്ട 9.25 ഹെക്ടറിനും കുമ്പളം-തുറവൂർ പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നിന്നും ഏറ്റെടുക്കേണ്ട 11.13 ഹെക്ടറിനും റെയിൽവേ അർത്ഥന നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ നാളിതുവരെ പ്രസ്തുത സ്ട്രെച്ചുകളിൽ റെയിൽവേ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചു തീർന്നിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതാണ്.<br><br>ബാക്കിയുള്ള എല്ലാ സ്ട്രെച്ച്കളുടേയും സ്ഥലമെടുപ്പ് നടപടികൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്.<br>പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി തന്നെ പൂർത്തിയാക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്. |
| (സി) | സ്ഥലമെടുപ്പിലെ കാലതാമസം ഒഴിവാക്കാൻ ഫാസ്റ്റ് ട്രാക്ക് സംവിധാനം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 06.11.2004 -ലെ G.O(MS) No. 331/2004/R.D നമ്പർ ഉത്തരവ് പ്രകാരം പാതയിരട്ടിപ്പിക്കലിന്റെ സ്ഥലമെടുപ്പ് നടപടികൾ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |

[signature]
സെക്ഷൻ ഓഫീസർ